പി.ടി.എ.യുടെ നിയന്ത്രണത്തിൽ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സുകൾ

15 (*194)ശ്രീ. ജോർജ് ജെ. മാത്യു :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കുറവ് പരിഹരിക്കുന്നതിന് പി.ടി.എ.യുടെ നിയന്ത്രണത്തിൽ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ക്ലാസ്സുകൾ നടത്തുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രീ-പ്രൈമറി ക്ലാസ്സുകൾ സർക്കാർ ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ടോ; ഏതെങ്കിലും സ്കൂളുകളിൽ സർക്കാർ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകാൻ സർക്കാർ സഹായം നൽകുന്നുണ്ടോ;

(ഇ) പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് കുട്ടികളിൽ നിന്നും പിരിക്കാവുന്ന ഫീസിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എന്നാണ് ഇത് നിശ്ചയിച്ചത് എന്ന് വ്യക്തമാക്കുമോ;

(എഫ്) തുച്ഛമായ ഫീസ് കൊണ്ടുമാത്രം ഈ ക്ലാസ്സുകൾ നടത്താൻ കഴിയാതെ പി.ടി.എ.കൾ ബുദ്ധിമുട്ടുന്ന കാര്യം ഗവൺമെന്റിന് അറിവുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) സർക്കാർ പരിമിതമായ ഗ്രാന്റ് നൽകുന്നുണ്ട്.

(സി) സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ പി.ടി.എ.യുടെ നിയന്ത്രണത്തിൽ ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസ്സുകൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സർക്കാർ നേരിട്ട് നടത്തുന്ന 53 പ്രീ-പ്രൈമറി സ്കൂളുകളുണ്ട്. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. നിയമനം പി.എസ്.സി. മുഖേനയാണ്.

(ഡി) ഇല്ല. എന്നാൽ പ്രീ-പ്രൈമറിയെ സംബന്ധിച്ച ബില്ലിൽ ഇതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. പ്രതിമാസം 15 രൂപ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. 1988 ജൂലൈ 5-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 2453/88/പൊ.വി. പ്രകാരം.

(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly